**പതിന്നാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2487 — 07/10/2016 ൽ മറുപടിക്ക്

## കുളങ്ങളും പൊതുജലാശയങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് ഓരോ ഗ്രാമ പഞ്ചായത്തിലും നിലവിലുള്ള കുളങ്ങളുടെയും പൊതുജലാശയങ്ങളുടെയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) | കുളങ്ങളും പൊതുജലാശയങ്ങളും നികത്തപ്പെടുന്നതും ഉപയോഗശൂന്യമാക്കുന്നതും മലിനമാക്കപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് തദ്ദേശസ്ഥാപനങ്ങൾ യഥാസമയം നടപടി സ്വീകരിക്കാറുണ്ടോ; | ബി) ഉണ്ട്; മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ജലസ്രോതസ്സുകൾ, തോടുകൾ കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനമാക്കപ്പെടുന്നത് തടയുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എസ്), കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 340 (2) എന്നീ വ്യവസ്ഥകൾ പ്രകാരം അവ മലിനപ്പെടുത്തുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. |
| സി) | സംസ്ഥാനത്തെ നിലവിലുള്ള എല്ലാ പൊതുകുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും ഉപയോഗശൂന്യമാക്കപ്പെട്ടവ ഉപയോഗയോഗ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ? | സി) പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ എന്നതിലുൾപ്പെടുത്തി കുളങ്ങൾ, തോടുകൾ, കിണറുകൾ മറ്റ് ജലാശയങ്ങൾ എന്നിവ വൃത്തിയാക്കൽ, ചെളിയെടുക്കൽ, ആഴംകൂട്ടൽ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 16/11/2013 ലെ |

| | | |
|---|---|---|
| | | സ.ഉ.(എം.എസ്) നം. 362/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ